# ജി.എം.എൽ.പി.സ്കൂൾ
# ആലത്തൂർ



# അക്കാദമിക
# മാസ്റ്റർപ്ലാൻ
## 2025 – 26

# ആമുഖം

ആലത്തൂർ ജി എം എൽ പി സ്കൂളിന്റെ പാഠ്യ–പാഠ്യേതര മേഖലയുടെ സർവതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി, മുൻ വർഷങ്ങളിലെ പോരായ്മകൾ പരിഹരിച്ച് മുന്നേറാനുള്ള ആലോചനകളുടെ സംക്ഷിപ്ത രൂപമാണ് ഈ വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ. എല്ലാ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായാണ് ഇത് തയ്യാറാക്കുന്നത്. അധ്യാപകരുടെ കൂട്ടായ ആലോചനയിലൂടെ രൂപപ്പെട്ട ഈ അക്കാദമിക മാസ്റ്റർപ്ലാൻ നമ്മുടെ സ്കൂളിൽ ചിട്ടയായ ശൈലിയിലും രൂപത്തിലും നടപ്പാക്കുന്നതിലൂടെ നാം ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ പൂർത്തിയാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

## സ്കൂളിന്റെ പൊതുവായ വിവരങ്ങൾ

| | |
|---|---|
| പേര് | : ജി എം എൽ പി സ്കൂൾ ആലത്തൂർ |
| സ്ഥലം | : ആലത്തൂർ |
| സബ്ജില്ല | : ആലത്തൂർ |
| വിദ്യാഭ്യാസ ജില്ല | : പാലക്കാട് |

# ചരിത്രം

1912 ൽ ആലത്തൂർ ചന്തപ്പുരയുടെ ഭാഗത്ത് ഓലപ്പുരയിൽ പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയം 1942 ലാണ് ആലത്തൂർ ജുമാഅത്ത് കമ്മിറ്റിയുടെ വാടക കെട്ടിടത്തിലേക്ക് മാറ്റിയത്. എന്നാൽ എല്ലാക്ലാസ്സുകളും ഒരേ വളപ്പിനുള്ളിൽ ആയത് 2004 ൽ മാത്രമാണ്.

2012 ൽ വിദ്യാലയത്തിന്റെ നൂറാം വാർഷികം വിവിധ പരിപാടികളോടെ ആഘോഷിക്കുകയുണ്ടായി. ശതാബ്ദി വർഷത്തിൽ പൂർവ്വ വിദ്യാർത്ഥിയും സാമൂഹിക സേവകനുമായ ശ്രീ. മുഹമ്മദാലിയും കുടുംബവും 30 സെന്റ് സ്ഥലം സൗജന്യമായി സ്കൂളിന് വിട്ടു തന്നു. ഈ സ്ഥലത്ത് എംപി, എംഎൽഎ ഫണ്ടുകളുടെ സഹായത്തോടെ ഉണ്ടാക്കിയ മനോഹരമായ ഇരുനില കെട്ടിടത്തിലാണ് ഇപ്പോൾ ക്ലാസുകൾ പ്രവർത്തിക്കുന്നത്. പ്രീ പ്രൈമറി, ഒന്നു മുതൽ നാലു വരെ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ അടക്കം 7 ഡിവിഷനുകളിലായി 150 ഓളം കുട്ടികൾ ഇവിടെ പഠനം നടത്തിവരുന്നു.

# ഭൗതിക സാഹചര്യങ്ങൾ

ചുറ്റുമതിലോടുകൂടിയ ഇരുനില കെട്ടിടവും അതിലെ 8 സ്മാർട്ട് ക്ലാസ് മുറികൾ, വിദ്യാർത്ഥികൾക്ക് പര്യാപ്തമായ തോതിൽ ശൗചാലയങ്ങൾ, ഉച്ചഭക്ഷണം ഒരുക്കുന്നതിനുള്ള വിശാലമായ അടുക്കള, കുട്ടികൾക്ക് വിനോദത്തിന് ഉതകുന്ന പാർക്ക് ഉൾക്കൊള്ളുന്ന ചെറിയ ഗ്രൗണ്ട് എന്നിവ അടങ്ങുന്നതാണ് ജി എം എൽ പി യുടെ ഭൗതിക ചുറ്റുപാട്.

സ്വന്തമായി വാഹനമില്ല എന്ന കുഞ്ഞു പരിഭവം ജിഎംഎൽപി ക്ക് പറയാനുണ്ട്. ഒപ്പം സ്കൂളിലേക്ക് എത്തിച്ചേരാൻ എല്ലാ വാഹനങ്ങൾക്കും വരാൻ കഴിയുന്ന വീതിയുള്ള ഒരു റോഡില്ല എന്നുള്ളത് സ്കൂളിന്റെ ഒരു പോരായ്മായി കണക്കാക്കപ്പെടുന്നു. ഇതിനാൽ തന്നെ വാഹനങ്ങളിൽ വരുന്ന കുട്ടികൾ ഏറെ ബുദ്ധിമുട്ടുന്നുമുണ്ട്.

## നിലവിലെ അവസ്ഥ

ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ 100 വിദ്യാർത്ഥികളും പ്രീ പ്രൈമറി ക്ലാസ്സിൽ 31 വിദ്യാർത്ഥികളും, HM, പ്രീ പ്രൈമറി,അറബി ഉൾപ്പെടെ 8 അധ്യാപകരും ഒരു PTCM ഉം ഒരു ആയയും ഒരു പാചക തൊഴിലാളി യും ആണ് ജീവനക്കാർ.

പ്രീ പ്രൈമറി മുതൽ മൂന്നാം ക്ലാസ് വരെ ഓരോ ഡിവിഷനും നാലാം ക്ലാസിൽ രണ്ട് ഡിവിഷനുകളുമായാണ് പ്രവർത്തിച്ചു വരുന്നത്.

## 2024 25 അധ്യയനവർഷത്തെ നേട്ടങ്ങൾ

- തുടർച്ചയായി ഒമ്പതാമത്തെ വർഷവും എൽഎസ്എസ്
- സബ്ജില്ലാ കലോത്സവത്തിൽ ആദ്യ 8 റാങ്കിനുള്ളിൽ... (പങ്കെടുത്ത എല്ലാവർക്കും മികച്ച ഗ്രേഡും...)
- സബ്ജില്ലാ ശാസ്ത്രമേളയിൽ ഗവൺമെന്റ് എൽ പി സ്കൂൾതലത്തിൽ ഒന്നാം സ്ഥാനം.
- സബ്ജില്ലാ അറബിക് കലോത്സവം.. അഗ്രിക്കേറ്റ് നാലാം സ്ഥാനം.

# 2025 26 അധ്യയന വർഷം മുന്നോട്ടുവെക്കുന്ന ലക്ഷ്യങ്ങൾ

- തുടർച്ചയായ എൽ എസ് എസ് വിജയം. എൽ എസ് എസ് നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുക.
- സബ്ജില്ലാ കലോത്സവത്തിൽ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുകയും ഗവൺമെന്റ് എൽ പി തലത്തിൽ മികച്ച റാങ്കിംഗ് ഉറപ്പുവരുത്തുകയും ചെയ്യൽ.
- സബ്ജില്ലാ ശാസ്ത്രമേളയിൽ ഉന്നത നിലവാരത്തിൽ മത്സരിച്ച് ആദ്യം മൂന്ന് റാങ്കിനുള്ളിൽ എത്തിച്ചേരാൻ പരിശ്രമിക്കും.
- കുട്ടികളുടെ ഐടി നിലവാരം ഉയർത്തിക്കൊണ്ടുവരാൻ മികച്ച പരിശീലനം നൽകും.
- രചനോത്സവം സംഘടിപ്പിക്കും.
- രക്ഷിതാക്കളുടെ ശില്പ ശാലയും, ബോധവത്കരണ ക്ലാസ്സുകളും സംഘടിപ്പിക്കും.

## മലയാളം– ഭാഷാ വികാസ ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളേയും അർത്ഥ പൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2. കുട്ടികളിലെ സാഹിത്യ അഭിരുചി വളർത്തുക.

3. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

4. മികച്ച വായനാശീലം വളർത്തുക.

5. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമായ ആശയവിനിമയ ശേഷി നേടി ഉറപ്പ് വരുത്തുന്നു.

## പ്രവർത്തനങ്ങൾ

1. എന്റെ വായന – ക്ലാസ്സുകളിലൂടെ കുട്ടികൾക്ക് വായിക്കാൻ പുസ്തകം വിതരണം ചെയ്യുന്നു. വായിച്ച പുസ്തകങ്ങളെക്കുറിച്ച് കുറിപ്പ് എഴുതിക്കുന്നു. ഏറ്റവും കൂടുതലും നന്നായും വായിച്ചവർക്ക് സമ്മാനം നൽകുന്നു.

2. എന്റെ പിറന്നാൾ പുസ്തകം – പിറന്നാളിന് മിഠായി നൽകുന്നതിന് പകരം സ്കൂൾ ലൈബ്രറിയിലേയ്ക്ക് ഒരു ലൈബ്രറി പുസ്തകം സമ്മാനമായി നൽകുന്ന പരിപാടി.

3. ഉച്ചഭാഷിണി വായന – ഉച്ചയ്ക്ക് ഭക്ഷണശേഷം മൈക്കിലൂടെ പ്രസിദ്ധ കഥ , കവിതകൾ നോക്കി വായിക്കാൻ അവസരം നൽകുന്നു.

4. വായനാകോർണർ – ദിനപത്രങ്ങളും , ഡൈജസ്റ്റ് , കളിക്കുടുക്ക , മിന്നാമിന്നി തുടങ്ങിയ പ്രസിദ്ധീകരണങ്ങളും വായനയ്ക്കായി സ്കൂൾ വരാന്തയിൽ സജ്ജീകരിക്കുന്നു.

5. ക്ലാസ്സ് തല കയ്യെഴുത്ത് മാഗസ്സിൻ – ഓരോ മാസത്തിലും ക്ലാസ്സ് തല പ്രവർത്തനങ്ങളിൽ മികച്ചതും കുട്ടികളുടെ സൃഷ്ടികളും വരകളും ഉൾപ്പെടുത്തി കയ്യെഴുത്ത് മാഗസിൻ തയാറാക്കുന്നു. സ്കൂൾ അസംബ്ലിയിൽ പ്രകാശനം. മികച്ചവയ്ക്ക് സമ്മാനം.

# ഇംഗ്ലീഷ്

## പ്രവർത്തന ലക്ഷ്യങ്ങൾ

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുന്നതിലൂടെ ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക

4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തുക.

6. ആശയാവതരണരീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ടുബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

7. ക്ലാസ് തല വായനാമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## പ്രവർത്തനം –1 ഇംഗ്ലീഷ് അസംബ്ലി

### ഉപമേഖല – പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ജൂൺ – മാർച്ച് | ഇംഗ്ലീഷ് ക്ലബ് | |

## പ്രവർത്തനം – 2 ഇംഗ്ലീഷ് ഡയറി (3,4 ക്ലാസ്സുകളിൽ)

### ഉപമേഖല – ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | ജൂൺ – മാർച്ച് | ക്ലാസ്സ് ടീച്ചർ | |

## പ്രവർത്തനം – 3 ഇംഗ്ലീഷ് ബുള്ളറ്റിൽ (3,4 ക്ലാസ്സുകളിൽ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീ,ിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ തയ്യാറാക്കുക<br>ജൂലൈ – ചന്ദ്രൻ<br>ആഗസ്റ്റ് – സ്വാതന്ത്ര്യദിനം<br>സെപ്തംബർ – ഓണം<br>ഒക്ടോബർ – ഗാന്ധിജി<br>നവംബർ – കേരളം<br>ഡിസംബർ – ക്രിസ്തുമസ്<br>ജനുവരി – ന്യൂ ഇയർ | ജൂലൈ – ജനുവരി | ക്ലാസ്സ് ടീച്ചർ | |

## പ്രവർത്തനം –4 Reading card workshop

### ഉപമേഖല – വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളുടെ സഹായത്തോടെ റീഡിംഗ് കാർഡ് നിർമ്മിക്കൽ | ജൂലൈ | ഇംഗ്ലീഷ് ക്ലബ് | |

## പ്രവർത്തനം –5 Worksheet workshop

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷിൽ പ്രാവീണ്യം നേടുക | ഭിന്നനിലവാരത്തിലുള്ള കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | ആഗസ്റ്റ് | എസ്.ആർ.ജി | |

## പ്രവർത്തനം –6 Spoken English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഒരു പരിധിവരെ ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിന് | അധ്യാപകർ പ്രത്യേക പരിശീലനം ക്ലാസ്സ് തലത്തിൽ നൽകുന്നു. കുട്ടികൾക്ക് കൂടുതൽ കാര്യങ്ങൾ ഇംഗ്ലീഷിൽ പറയുന്നതിനുള്ള അവസരം നൽകുന്നു. | ജൂൺ – മാർച്ച് | ക്ലാസ്സ് ടീച്ചർ | |

# പരിസരപഠനം

## പ്രവർത്തന ലക്ഷ്യങ്ങൾ

- പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപ്പര്യവും വലർത്തുക.
- മേരി ലൈഫ് എക്കോ പദ്ധതി.
- കുട്ടികളെ വ്യക്തിശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.
- എന്റെ വിദ്യാലയം എന്റെ പച്ചക്കറിത്തോട്ടം.
- പ്രകൃതി വിഭവ സംരക്ഷണത്തിൽ ഏർപ്പെടുന്നതിന്.
- പൂന്തോട്ടമൊരുക്കൽ, പച്ചക്കറിത്തോട്ടമൊരുക്കൽ.
- ശാസ്ത്രപരീക്ഷണങ്ങളിൽ താത്പര്യം ജനിപ്പിക്കുക.
- ശലഭോദ്യാനം
- ഫീൽഡ് ട്രിപ്പ്
- പൊതുസ്ഥാപന സന്ദർശനം
- കലാപരിചയം
- പക്ഷി നിരീക്ഷണം, പക്ഷിനിരീക്ഷകനുമായി അഭിമുഖം.

## പ്രവർത്തനം 1 – പ്രകൃതി നടത്തം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക<br><br>ഫീൽഡ് ട്രിപ്പ് | പ്രകൃതിനടത്തം<br>● ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കുക, അവയുടെ പ്രത്യേകതകൾ മനസ്സിലാക്കാം<br>● വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>● നമുക്ക് ചുറ്റുമുള്ള മലിനീകരണ പ്രശ്നങ്ങൾ അനുഭവിച്ചറിയാം. സ്വയം വിലയിരുത്താം.<br>● പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടലുകൾ മനസ്സിലാക്കാം. | ജൂൺ – നവംബർ<br><br>സെപ്റ്റംബർ – ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ<br><br>എസ്.ആർ.ജി | |

## പ്രവർത്തനം – 2

### മെരി ലൈഫ് എക്കോ പദ്ധതി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി മെരി ലൈഫ് എക്കോ പദ്ധതി | പ്രകൃതിയും ആരോഗ്യ ശീലവും ഈ പദ്ധതിയിലെ ഏഴ് തീമുകൾ നടപ്പാക്കാൻ തീരുമാനിച്ചു<br>1. Energy saved<br>2. Water saved<br>3. Single used plastic reduced.<br>4. Sustainable food system adopted.<br>5. Waste reduced (Swachatha Action)<br>6. Life style adopted.<br>7. Reduced e-waste | June - March | **Field Officer** | |

## പ്രവർത്തനം – 3

### എന്റെ വിദ്യാലയം – എന്റെ പച്ചക്കറിത്തോട്ടം (തനത് പ്രവർത്തനം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| സ്കൂൾ പച്ചക്കറി ത്തോട്ട നിർമ്മാണം<br><br>വീട്ടിൽ പച്ചക്കറി നട്ടുവളർത്തൽ | കഴിഞ്ഞ വർഷങ്ങളിലേതുപോലെ എല്ലാ കുട്ടികൾക്കും പച്ചക്കറി വിത്ത് നൽകി സ്വന്തം വീട്ടിൽ പച്ചക്കറി ഉൽപാദിപ്പിക്കാൻ പ്രേരിപ്പിക്കുന്നു.<br>വിത്ത് നടുന്നതു മുതൽ കായ വരുന്നത് വരെയുള്ള ഘട്ടങ്ങൾ കുട്ടികൾ നേരിട്ട് മനസ്സിലാക്കുന്നു.<br>സ്കൂളിൽ പച്ചക്കറി ത്തോട്ടമൊരുക്കൽ | ജൂൺ – മാർച്ച് | **Eco club** | PTA |

## പ്രവർത്തനം – 4

## സ്കൂൾ പൂന്തോട്ടം – എന്റെ സന്തോഷം (ശലഭോദ്യാനം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളിലും വീട്ടിലും പൂന്തോട്ട നിർമ്മാണം | സ്കൂളിൽ മനോഹരമായ പൂന്തോട്ടം നിർമ്മിക്കുക. ചിത്രശലഭങ്ങളെ ആകർഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുക. | നാട്ട് പൂച്ചെടികൾ നട്ട് പിടിപ്പിക്കുക. | ക്ലാസ്സ് ടീച്ചർ<br>എസ്.ആർ.ജി<br>PTA | |

## പ്രവർത്തനം – 5

## വ്യക്തിശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാവുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദിനകൃത്യങ്ങൾ ശരിയായി ചെയ്യുക | ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിലെത്താവൂ എന്ന ബോധ്യം കുട്ടികളിൽ വരുത്തുന്നു.<br><br>ഓരോ ക്ലാസ്സിലും ലീഡർമാരെ തെരഞ്ഞെടുത്ത് അവരെക്കൊ ˘ ഓരോ ദിവസവും പരിശോധന നടത്താൻ ചുമതലപ്പെടുത്തുക.<br>വ്യക്തി ശുചിത്വം ക്ലാസ്സ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനമാക്കി ഗ്രേഡ് നൽകുന്നു.<br>നല്ലശീലം ഉ ാക്കുന്നതുമായി ബന്ധപ്പെട്ട് പോസ്റ്ററുകൾ തയ്യാറാക്കാം, പതിപ്പിക്കാം | June - July<br><br>June - March | ക്ലാസ്സ് ടീച്ചർ<br>എസ്.ആർ.ജി<br><br>Teachers, Leaders, Class Teacher | |

## പ്രവർത്തനം – 6

## പൊതുസ്ഥാപന സന്ദർശനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| സാമൂഹ്യസ്ഥാപന ങ്ങളുടെ പ്രാധാന്യം മനസ്സിലാക്കൽ | ലൈബ്രറി, ഫയർ സ്റ്റേഷൻ, പോസ്റ്റോഫീ സ് തുടങ്ങിയവയിലേ ക്ക് ഒരു ട്രിപ്പ് സംഘടി പ്പിക്കൽ | ജൂൺ – മാർ ച്ച് | ക്ലാസ്സ് ടീച്ചർ SRG, PTA | |

## പ്രവർത്തനം – 7

## ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| ശാസ്ത്ര പഠനോ പകരണ ശില് പശാല | ഓരോ ക്ലാസ്സിനും അനു യോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തന ങ്ങൾക്കിണങ്ങും വിധം പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. ശില് പശാല സംഘടിപ്പിക്കു ന്നു. | ഓരോ ടേമി ലും | ക്ലാസ്സ് ടീച്ചർ | |

## പ്രവർത്തനം – 8

## കലാ പരിചയം

## വാദ്യോപകരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സവിശേഷമായ കഴിവുകൾ വികസിപ്പിക്കുക | വിവിധ മേഖലകളിൽ പ്രഗത്ഭരായ കലാകാരന്മാരെ പരിചയപ്പെടുത്തുകയും കലാപരിചയം നടത്തുകയും ചെയ്യുന്നു. വാദ്യോപകരണങ്ങളെ പരിചയപ്പെടുന്നു. | Sep - March | ക്ലാസ്സ് ടീച്ചർ **SRG** | |

## പ്രവർത്തനം – 9

## പക്ഷികൾക്ക് ദാഹജലം, പക്ഷിനിരീക്ഷണം,

## പക്ഷിശാസ്ത്രജ്ഞരുമായി അഭിമുഖം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സവിശേഷമായ കഴിവുകൾ വികസിപ്പിക്കുക | വിവിധ മേഖലകളിൽ പ്രഗത്ഭരായ കലാകാരന്മാരെ പരിചയപ്പെടുത്തുകയും കലാപരിചയം നടത്തുകയും ചെയ്യുന്നു. വാദ്യോപകരണങ്ങളെ പരിചയപ്പെടുന്നു. | Sep - March | ക്ലാസ്സ് ടീച്ചർ **SRG** | |

# <u>ഗണിതം</u>

ലക്ഷ്യങ്ങൾ

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക.
- ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിത ചിന്ത യുക്തിചിന്ത വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## പ്രവർത്തനം 1

## പേര് : ഗണിത വർക്ക് ഷീറ്റ് ശില്പശാല

## ഉപമേഖല വർക്ക് ഷീറ്റ് തയ്യാറാക്കൽ

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | കാലം ഓരോ ടൈമിന്റെയും തുടക്കത്തിൽ | എസ് എസ് ജി | |

## പ്രവർത്തനം 2

## പേര് :ഗണിത ലാബ്

## ഉപമേഖല :ഗണിത കേളികൾ

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| അടിസ്ഥാന ആശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൾ | 2025-26 | അധ്യാപകർ | |

## പ്രവർത്തനം :3

## പേര് : ഗണിതമൂല

## ഉപമേഖല : ഗണിത കളികൾ

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന്. | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി,കളിനോട്ട്, കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം: 4

## പേര് :യൂണിറ്റ് വിലയിരുത്തൽ

## ഉപമേഖല :യൂണിറ്റ് ടെസ്റ്റ്

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു എന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം 5

## പേര് :ഗണിതം മധുരം

## ഉപ മേഖല :ഗണിതകേളി

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശ കലനം** |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ ക്യാമ്പുകൾ ശില്പശാല | ജൂൺ മുതൽ ഓഗസ്റ്റ് വരെ | ടീച്ചർ | |

# പ്രവൃത്തി പരിചയം

പ്രവർത്തന ലക്ഷ്യങ്ങൾ

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നു.
- പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളും പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളും ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഇതര വിഷയങ്ങളുമായി പ്രവർത്തി പരിചയായ അനുഭവത്തെ ബന്ധിപ്പിക്കുക.

## പ്രവർത്തനം 1
## പ്രവൃത്തി പരിചയ ശില്പശാല ( നിർമ്മാണ കഴിവുകൾ വികസിപ്പിക്കുന്നത്)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വി ശകലനം |
|---|---|---|---|---|
| നിർമ്മാണത്തിലുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ, നിർമ്മാണം | സെപ്റ്റംബർ | ടീച്ചർ | |

## പ്രവർത്തനം 2
## ഒറിഗാമി( കരകൗശല പരിശീലനം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വി ശകലനം |
|---|---|---|---|---|
| ഇതര വിഷയവുമായി പ്രവർത്തിപരിചയ അനുഭവത്തെ ബന്ധിപ്പിക്കുക. | ഓറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനം ആർജിക്കൽ | ജൂൺ ജൂലൈ | എസ് എസ് ജി | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

പ്രവർത്തന ലക്ഷ്യങ്ങൾ

- മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
- സ്കൂളിനെ മാലിന്യമുക്തമാക്കുക ചെടികൾ നട്ട് ഹരിതാഭം ആക്കുക

# പ്രവർത്തനം 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | സ്കിപ്പിംഗ് പരിശീലനം എയ്റോബിക്സ് പരിശീലനം | ജൂൺ - മാർച്ച് | എച്ച് എം എസ് ആർ ജി | |

# പ്രവർത്തനം 2
# ഹെൽത്ത് ചെക്കപ്പ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പുവരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പുവരുത്തുന്നതിനായി ആദ്യ ടേബിൾ ഹെൽത്ത് ചെക്കപ്പ് | ജൂൺ - സെപ്റ്റംബർ | പി.ടി | |

# പ്രവർത്തനം 3
# കായിക വിദ്യാഭ്യാസം അധ്യാപക ശില്പശാല, അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | പിടി പിരീഡിൽ ഫിസിക്കൽ എക്സർസൈസ് ഗെയിംസ് എന്നിവ നൽകുന്നതിന്. രക്ഷിതാക്കൾക്കും പരിശീലനം നൽകൽ | ജൂൺ | എസ് ആർ ജി | |

# വിവരസാങ്കേതികവിദ്യ

പ്രവർത്തന ലക്ഷ്യങ്ങൾ

- വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക .
- കുട്ടികൾക്ക് സ്വാതന്ത്ര്യവും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവർത്തനം 1

## വിവരസാങ്കേതിക വിദ്യയിൽ പരിശീലനം ( അധ്യാപക ശാക്തീകരണം)

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ഐസിടി സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ | ഓരോ മാസത്തിലും | | |

## പ്രവർത്തനം 2

## ഐടി ലാബ് (കമ്പ്യൂട്ടർ വിജ്ഞാനം)

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്ര മായും നിർഭയമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള അവസരം | ഐടി, ഐസിടി പ്രവർത്തനങ്ങൾ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ. | ജൂൺ - ഓഗസ്റ്റ് | | |

## അറബിക് തനതുപ്രവർത്തനങ്ങൾ

1. ARABIC ASSEMBLY
2. ARABIC MAGAZINE
3. ARABIC EXPO
4. ARABIC READING & WRITING COMPETITION
5. ALIF ARABIC CLUB
6. ALIF QUIZ, ARABIC KALOLSAVAM എന്നിവയ്ക്ക് മികച്ച പരിശീലനം
7. ARABIC PICTURE DICTIONARY
8. READING CORNER (ARABIC BOOKS, MAGAZINE, READING CARDS Etc.)

മേഖല : അക്കാദമികം

ഉപ മേഖല : അറബിക്

ക്ലാസ്സ് ഒന്നു മുതൽ നാലുവരെ

| ലക്ഷ്യങ്ങൾ | | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | തെറ്റുകൂടാതെ വായിക്കാനുള്ള കഴിവ് ഉണ്ടാക്കുന്നു. | • അക്ഷരവായന<br>• ചിത്രവായന<br>• കഥാ വായന, മാഗസിൻ വായന<br>• വായനാ മത്സരങ്ങൾ | I,II<br>I,II<br>I,II<br>I,II | June - July<br>June - Feb<br>Oct - Feb<br>June - Feb | | |
| 2. | അറബി ഭാഷ സംസാരിക്കാൻ കഴിവ് ഉണ്ടാക്കുന്നു. | • ലാംഗ്വേജ് ഗെയിംസ്<br>• റോൾപ്ലേ<br>• പദസമ്പത്ത് വർധിപ്പിക്കൽ ഡിക്ഷണറി മേക്കിങ്<br>• വ്യത്യസ്ത സന്ദർഭങ്ങൾ സൃഷ്ടിച്ച ആശയവിനിമയം നടത്തുക | II-IV<br>I,II<br>II-IV<br>I-IV | July -March | | |
| 3. | എഴുത്തിന്റെ പരിപോഷണം അറബിക് മാഗസിൻ | • കോപ്പി എഴുതൽ<br>• കയ്യെഴുത്തുമാസിക | I-IV<br>II-IV | July -Jan | അറബിക് ടീച്ചർ | ടീച്ചർ, പി.ടി.എ |
| 4. | ചിത്ര നിഘണ്ടു | • ചിത്രങ്ങൾ ശേഖരിച്ച് അറബിക് നിഘണ്ടു തയ്യാറാക്കുന്നു | I-IV | July -March | | |
| 5. | അറബിക് അസംബ്ലി | • 3 മാസത്തിൽ ഒരു അറബി അസംബ്ലി വീതം നടത്തുന്നു | I-IV | July -Feb | | |
| 6. | അറബിക് എക്സ്പോ (International Arabic day) | • കുട്ടികളുടെ പ്രൊഡക്ട്സ് പ്രദർശനം അറബി ഭാഷയുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | I-IV | December | | |